പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2354

08.12.2015-ലെ മറുപടിയ്ക്ക്

## ഭക്ഷ്യ സംസ്കരണ മിഷൻ

| ചോദ്യം<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ബെന്നി ബെഹനാൻ | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മിഷൻ നടപ്പാക്കിയിട്ടുണ്ടോ; | എ) | നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം ദേശീയ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ദേശീയ ഭക്ഷ്യ സംസ്കരണ മിഷൻ. ഭക്ഷ്യ സംസ്കരണ മേഖലയുടെ വളർച്ചയും വികസനവുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിലെ കർഷകർക്ക് അവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ മൂല്യ വർദ്ധന ഉറപ്പാക്കുക, മികച്ച വില ലഭ്യമാക്കുക, ഉല്പന്നങ്ങൾ കേടാകുന്നത് തടയുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കൂടാതെ ഉപഭോക്താവിന് ഭക്ഷ്യ ഉല്പന്നങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യ/ലക്ഷ്യം. |
| സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | കേന്ദ്ര ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മിഷൻ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായുള്ള സാമ്പത്തിക സഹായത്തിന്റെ |

| | | | |
|---|---|---|---|
| | | | കേന്ദ്ര വിഹിതം 75 % വും സംസ്ഥാന വിഹിതം 25% വും ആണ്. ഈ പദ്ധതി പ്രകാരം National Mission on Food Processing (NMFP) ന് 2012-13 -ൽ 4.66 കോടി രൂപയും 2013-14- ൽ 2.22 കോടി രൂപയും 2014-15 -ൽ 36.14 ലക്ഷം രൂപയും കേന്ദ്ര വിഹിതമായി കേരളത്തിന് ലഭിച്ചു. ഇപ്രകാരം ലഭിച്ച കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും ചേർത്ത് 9.52 കോടി രൂപ സംസ്ഥാനത്ത് അനുമതി നൽകിയ 23 ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ